# കുവൈറ്റ് ക്നാനായ കൾച്ചറൽ അസോസിയേഷൻ

# നിയമാവലി കൂട്ടിചേർക്കലുകൾ (ഒക്ടോബർ 2021)

കുവൈറ്റിലെ ക്നാനായ സമുദായ അംഗങ്ങളുടെ ഇടയിൽ പ്രവർത്തിക്കുന്ന സംഘടനയായ കുവൈറ്റ് ക്നാനായ കൾച്ചറൽ അസോസിയേഷൻ “കെ.കെ.സി.എ)” തങ്ങളുടെ പ്രവർത്തന മേഖലകൾ കാലഘട്ടത്തിന്റെ അവശ്യാനുസരണം വിപുലീകരിച്ചിരിക്കുന്നു. പുതിയ പദ്ധതികൾ നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി നിലവിലെ നിയമാവലിയിൽ കൂട്ടി ചേർക്കലുകൾ നടപ്പിലാക്കുവാൻ 2021 വർഷത്തെ കമ്മറ്റി മുതിർന്ന അംഗങ്ങളുമായി ചേർന്ന് ബൈലോ അമെണ്ട്മെന്റ് കമ്മറ്റി രൂപീകരിച്ചുകൊണ്ട് താഴെ പറയുന്ന കൂട്ടിചേർക്കലുകൾ നടപ്പിൽ വരുത്തി.

## അക്ഷരദീപം

കുവൈറ്റ് ക്നാനായ കൾച്ചറൽ അസോസിയേഷൻ “കെ.കെ.സി.എ)”-യുടെ നേതൃത്വത്തിൽ നമ്മുടെ കുട്ടികൾക്കായി ആരംഭിച്ചിരിക്കുന്ന മലയാളഭാഷാ-സാമുദായിക പഠന പദ്ധതിയാണ് "അക്ഷരദീപം".

കേരള സർക്കാരിന്റെ കീഴിലുള്ള "മലയാളം മിഷൻന്റെ" നിയന്ത്രണത്തിൽ വിവിധ പ്രവാസി മേഖലകളിൽ ആരംഭിച്ചിരിക്കുന്ന മലയാളഭാഷാ പഠനത്തിന്റെ ഭാഗമായി നടത്തി കൊണ്ടിരിക്കുന്ന കണിക്കൊന്ന (സർട്ടിഫിക്കറ്റ് കോഴ്സ്), സൂര്യകാന്തി (ഡിപ്ലോമ കോഴ്സ്), ആമ്പൽ (ഹയർ ഡിപ്ലോമ കോഴ്സ്), നീലക്കുറിഞ്ഞി (സീനിയർ ഹയർ ഡിപ്ലോമ കോഴ്സ്) എന്നീ കോഴ്സുകൾ അടങ്ങുന്നതാണ് മലയാളഭാഷാപഠന പദ്ധതി. നീലക്കുറിഞ്ഞി കോഴ്സ് പൂർത്തിയാക്കുന്ന പഠിതാവിന് ലഭിക്കുന്ന കേരള പാഠാവലിയുടെ 10 ആം ക്ലാസ്സിന് തുല്യമായ സർട്ടിഫിക്കറ്റ് സർക്കാർ ജോലിക്കായി ശ്രമിക്കുന്നവർക്ക് ഏറെ പ്രയോജനം ചെയ്യുന്നതാണ്.

മലയാളഭാഷ, പ്രവാസികളായ തങ്ങളുടെ ജന്മനാടിന്റെ അടിത്തറയുടെ ഭാഗമാണെന്ന് തിരിച്ചറിഞ്ഞ് നമ്മുടെ നാടിന്റെ സംസ്കാരത്തെ ഉൾക്കൊണ്ട്, കുട്ടികളിലെ സ്വത്വബോധം വികസിപ്പിക്കുന്നതിന് അവരെ കഴിവുറ്റവരാക്കി, ക്നാനായക്കാരായ നമ്മുടെ സമുദായ ആചാര - പാരമ്പര്യങ്ങളും, പൈതൃകങ്ങളും പുതുതലമുറക്ക് പകർന്നു നൽകുന്ന സാമുദായിക ക്ലാസ്സുകളോടൊപ്പം, സമൂഹത്തിൽ നല്ല പൗരൻമാരായി വളർന്ന് ജീവിതവിജയം നേടുവാൻ ആത്മവിശ്വാസം പ്രദാനം ചെയ്യുന്ന വ്യക്തിത്വവികസനക്ലാസ്സുകളും ഉൾപ്പെടുത്തി വലിയ കാഴ്ചപ്പാടുകളോടെ വിഭാവനം ചെയ്തിരിക്കുന്നതാണ് " അക്ഷരദീപം".

**a) ഔദ്യോഗിക ചിഹ്നം**

ഇത് അക്ഷരദീപം പദ്ധതിയുടെ ഔദ്യോഗിക ചിഹ്നമായിരിക്കും. അക്ഷരദീപം പദ്ധതിയുടെ ഭാഗമായി ഉപയോഗിക്കുന്ന ലെറ്റർപാഡിൽ ഈ ചിഹ്നം ഉപയോഗിക്കേണ്ടിയതാണ്. കൂടാതെ അക്ഷരദീപം കുട്ടികൾക്ക് നൽകുന്ന സർട്ടിഫിക്കറ്റ്, മോമെന്റോ എന്നിവയ്ക്ക് ഈ ചിഹ്നത്തിനോടൊപ്പം KKCA യുടെ ഔദ്യോഗിക ചിഹ്നവും ഉപയോഗിക്കേണ്ടിയതാണ്.

**b) അക്ഷരദീപം കൺവീനർ**

**യോഗ്യത :** അതാത് വർഷ കൂടാരയോഗം കൺവീനർ.

**തിരഞ്ഞെടുപ്പ്:** കൂടാരയോഗം കൺവീനർമാരിൽ നിന്നും ഒരാളെ അക്ഷരദീപം കണവീനർ ആയി അതാത് വർഷ പ്രാഥമിക വർക്കിംഗ് കമ്മറ്റിയിൽ വെച്ച് തിരഞ്ഞെടുക്കേണ്ടിയതാണ്.

**ചുമതലകൾ:** അക്ഷരദീപം പ്രവർത്തനങ്ങളുടെ കൂടിആലോചനകളിൽ പങ്കാളിത്തം വഹിക്കുകയും, ഹെഡ്മാസ്റ്റർ/ അസിസ്റ്റ്റ് ഹെഡ്മാസ്റ്റർക്കൊപ്പം ക്ലാസ്സുകളുടെയും മറ്റു പ്രവർത്തനങ്ങളുടെയും ഏകോപനം നിർവഹിക്കുകയും, സെൻട്രൽ കമ്മറ്റികളിൽ അക്ഷരദീപം പദ്ധതി പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്യുക.

**c) അക്ഷരദീപം ഹെഡ്മാസ്റ്റർ/ അസിസ്റ്റന്റ് ഹെഡ്മാസ്റ്റർ**

**യോഗ്യത :** KKCA അംഗത്വം ഉള്ളതും, 1 വർഷമെങ്കിലും അക്ഷരദീപം അദ്ധ്യാപന പരിചയമുള്ള വ്യക്തിയും ആയിരിക്കണം .

**തിരഞ്ഞെടുപ്പ്:** അതാത് KKCA എക്സിക്യൂട്ടീവ് അംഗങ്ങൾ അക്ഷരദീപം ടീച്ചർമാരിൽ നിന്നും ചർച്ചയിലൂടെ എല്ലാവർക്കും അഭിമതനായ അംഗത്തെ അക്ഷരദീപം ഹെഡ്മാസ്റ്റർ/ അസിസ്റ്റന്റ് ഹെഡ്മാസ്റ്റർ ആയി തിരഞ്ഞെടുക്കേണ്ടിയതാണ്. ഹെഡ്മാസ്റ്റർനെ പ്രവർത്തക സമിതി അംഗമാക്കി അതാത് വർഷ KKCA കമ്മറ്റികളിൽ ഉൾപ്പെടുത്തണം. ഹെഡ്മാസ്റ്ററുടെ അഭാവത്തിൽ അസിസ്റ്റന്റ് ഹെഡ്മാസ്റ്റർ പ്രവർത്തക സമിതിയിൽ പങ്കെടുക്കണം.

ഹെഡ്മാസ്റ്റർ / അസിസ്റ്റ്റ് ഹെഡ്മാസ്റ്റർ പദവികൾക്ക് 3 വർഷത്തെ പ്രവർത്തന കാലയളവ് നിശ്ചയിച്ചിരിക്കുന്നു. ആവശ്യമെങ്കിൽ അതാതു വർഷ എക്സിക്യൂട്ടീവ് കമ്മറ്റികൾക്ക് ടീച്ചർമാരുടെ യോഗം ചേർന്നുകൊണ്ട് ഈ പദവികളിൽ സ്ഥാനചലനങ്ങൾ വരുത്താവുന്നതാണ്.

3 വർഷം കൂടുമ്പോൾ ആ വർഷത്തെ ഭരണമാറ്റത്തോട് അനുബന്ധിച്ച് എക്സിക്യൂട്ടീവ് അംഗങ്ങളും ടീച്ചേഴ്സും ചേർന്ന് ഹെഡ്മാസ്റ്റർ/ അസിസ്റ്റന്റ് ഹെഡ്മാസ്റ്റർനെ ടീച്ചർമാരിൽ നിന്നും തിരഞ്ഞെടുക്കുകയോ, തൽസ്ഥാനം വഹിക്കുന്നവരെ പുതുക്കി നിലനിർത്തുകയോ ചെയ്യാവുന്നതാണ്.

**ചുമതലകൾ:** കേരള സർക്കാരിന്റെ കീഴിൽ ഉള്ള മലയാളം മിഷനുമായി ബന്ധപ്പെട്ട യോഗങ്ങൾ, ചർച്ചകൾ, കത്തിടപാടുകൾ, അപ്ഡേഷനുകൾ എല്ലാം അക്ഷരദീപം കൺവീനർ മുഖാന്തരം എക്സിക്യൂട്ടീവ്ന്റെ അറിവോടെ നിർവഹിക്കേണ്ടിയതാണ്.

ക്ലാസ്സ്കളുടെ ഏകോപനം, ടീച്ചർമാരുടെ വിനിയോഗം, കുട്ടികളുടെ രജിസ്ട്രേഷൻ, സിലബസ്, പരിശീലനം എന്നിവ ഹെഡ്മാസ്റ്റർ / അസിസ്റ്റ്റ്റ് ഹെഡ്മാസ്റ്റർ ചേർന്ന് ചിട്ടപ്പെടുത്തേണ്ടിയതാണ്.

**d) മറ്റ് നിർദ്ദേശങ്ങൾ**

അതാത് വർഷ കമ്മറ്റികൾ ടീച്ചർമാർക്കു വേണ്ടി സൗഹാർദ്ധ ഒത്തുചേരൽ സംഘടിപ്പിക്കുവാൻ ശ്രമിക്കണം.

അക്ഷരദീപം ചിലവുകൾ അതാതു വർഷ കമ്മറ്റികളുടെ നിയന്ത്രണത്തിൽ നടപ്പിലാക്കേണ്ടിയതാണ്.

## <u>വെബ്സൈറ്റ്</u>

കാലോചിതമായി വന്നുചേർന്ന നവീന മാറ്റങ്ങൾ ഉൾപെടുത്തി കെ.കെ.സി.എ എന്ന സംഘടനയുടെ വെബ്സൈറ്റ് നവീകരിച്ചിരിക്കുന്നു. അംഗങ്ങളുടെ പ്രധാന വിവരങ്ങൾ, മുൻകാല പ്രവർത്തനങ്ങൾ, യുണിറ്റുകൾ, വിവിദ പോഷക സംഘടനകൾ ആയ KCYL, KKCL എന്നിവയുടെ വിവരങ്ങൾ, പ്രധാന പദ്ധതികൾ ആയ ഫാമിലി സുരക്ഷാ സ്കീം, അക്ഷരദീപം എന്നിവയുടെ വിവരണങ്ങൾ, ക്നാനായ ചരിത്രം, സംഘടനാ ചരിത്രം, മുൻ വർഷ ഭാരവാഹികളുടെ വിവരങ്ങൾ, മുൻകാല പ്രവർത്തനങ്ങളുടെ ഫോട്ടോകൾ, വീഡിയോകൾ എന്നിവ ചിട്ടപ്പെടുത്തി ആർക്കും എളുപ്പം നവീകരിച്ച വെബ്സൈറ്റിലൂടെ മനസ്സിലാക്കുവാൻ സാധിക്കുന്നു..

**a) വെബ് അഡ്മിൻ**

**യോഗ്യത :** IT മേഖലയിൽ പ്രവർത്തി പരിചയം ഉള്ള കമ്മറ്റി അംഗം ആയിരിക്കണം. അല്ലാത്ത പക്ഷം ജനറൽസെക്രട്ടറി ഇത് കൈകാര്യം ചെയ്യണം.

**തിരഞ്ഞെടുപ്പ്:** ആദ്യ വർക്കിംഗ് കമ്മറ്റി യോഗത്തിൽ വെച്ച് കമ്മറ്റി അംഗങ്ങളിൽ നിന്നും IT മേഖലയിൽ പ്രവർത്തി പരിചയം ഉള്ള ഒരാളെ വെബ് അഡ്മിൻ ആയി തിരഞ്ഞെടുക്കേണ്ടിയതാണ്.

**ചുമതലകൾ:** കമ്മറ്റി കാര്യങ്ങൾ, അറിയിപ്പുകൾ, പ്രോഗ്രാമുകൾ, അപ്ഡേറ്റുകൾ എന്നിവ യഥാസമയം നിർവഹിക്കുവാൻ വെബ് അഡ്മിൻ ശ്രദ്ധിക്കണം. കെ.കെ.സി.എ ജനറൽ സെക്രട്ടറിയുടെ മേൽനോട്ടത്തിലും, നിയന്ത്രണത്തിലും വേണം വെബ് അഡ്മിൻ പ്രവർത്തിക്കേണ്ടിയത്. അംഗങ്ങളുടെ വിവരങ്ങൾ, കമ്മറ്റി കാര്യങ്ങൾ എന്നിവ അതിന്റെ പ്രാധാന്യത്തോടും, ശ്രദ്ധയോടും, സ്വകാര്യതയോടും കൂടി വെബ് അഡ്മിൻ കാത്തുസൂക്ഷിക്കണം.

കൂടാതെ അക്ഷരദീപം പദ്ധതികൾക്കും, KKCAയുടെ മറ്റു ഓൺലൈൻ പ്രോഗ്രാമുകൾക്കും ആവശ്യമായ IT സപ്പോർട്ട് യഥാസമയം നിർവഹിച്ചു കൊടുക്കേണ്ടിയതാണ്.

**b ) മറ്റ് നിർദ്ദേശങ്ങൾ**

കെ.കെ.സി.എ കമ്മറ്റികളുടെ പ്രധാന വിവരങ്ങൾ, ഡോക്യൂമെന്റ്സ്, റിപ്പോർട്ടുകൾ എന്നിവ വേറെ പോർട്ടലിൽ സൂക്ഷിച്ചു അതാത് വർഷ പ്രസിഡന്റ്/സെക്രട്ടറി/ട്രഷറർ എന്നിവർ മാത്രം കൈകാര്യം ചെയ്യേണ്ടിയതാണ്.

അംഗങ്ങൾക്ക് വെവ്വേറെ മെംബെർഷിപ് ID യുണ്ടാക്കി അവരുടെ ചുരുങ്ങിയ വിവരങ്ങൾ മാത്രം വെബ്സൈറ്റിൽ പബ്ലിഷ് ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## നിയമാവലി കൂട്ടിചേർക്കലുകളുടെ പ്രാബല്യം

ഈ നിയമാവലി കൂട്ടിചേർക്കലുകൾ സർക്കുലർ (Ref. KKCA/2021/CIRCULAR/004 ഡേറ്റ് 04-October-2021) മുഖേന എല്ലാ അംഗങ്ങളുടെ പക്കൽ എത്തിക്കുകയും; 30 ജൂലൈ 2021 ൽ നടന്ന സെൻട്രൽ കമ്മറ്റി തീരുമാനപ്രകാരം കൊറോണ നിയന്ത്രണങ്ങൾ മൂലം പൊതുയോഗം സംഘടിപ്പിക്കുവാൻ സാധിക്കാത്ത പക്ഷം സർക്കുലർ ഇറങ്ങി 1 മാസത്തെ കാലാവധിക്ക് ശേഷം കൂടാരയോഗങ്ങളിൽ അംഗങ്ങളുടെ ഒപ്പുശേഖരണം നടത്തിക്കൊണ്ട് നിലവിലത്തെ നിയമാവലിയോട് ഒപ്പം ചേർത്ത് പ്രാബല്യത്തിൽ വരുത്തുന്നതാണ്.

**********************